ഉത്തരം

(എ) 8 എണ്ണം.

(ബി&സി) ഉപഭോക്താവുമായി വൈദ്യുതി നൽകുന്നതിനുള്ള എഗ്രിമെന്റ് വയ്ക്കുന്നതിനും കണക്ഷൻ നൽകുന്നതിനും കെട്ടിടത്തിന്റേതായ നമ്പർ അഥവാ അംഗീകരിക്കപ്പെട്ട പ്ലാൻ, പെർമിറ്റ്, ഉടമസ്ഥാവകാശം അഥവാ കൈവശാവകാശം ഇവ സംബന്ധിച്ച രേഖകൾ തുടങ്ങിയവ ഒഴിച്ചുകൂടാനാവാത്തവയാണ്.

വൈദ്യുതി കണക്ഷൻ നൽകിയത് സംബന്ധിച്ച കേസ്

127 (3929) ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി ഇലക്ട്രിക്കൽ ഡിവിഷനിലെ കൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷനിൽ കൺസ്യൂമർ നമ്പർ-ജി-5683-ൽ ഗാർഹിക ആവശ്യത്തിന് 4 വൈദ്യുതി പോസ്റ്റുകൾ സ്ഥാപിച്ച് അഗ്രികൾച്ചർ പർപ്പസിന് എന്ന വ്യാജേന കണക്ഷൻ നൽകിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

(സി) അഗ്രികൾച്ചർ സ്കീമിൽ വൈദ്യുതി കണക്ഷൻ നൽകാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മാത്രം അധികാരം ഉള്ളപ്പോൾ ഈ കേസ് സംബന്ധിച്ച് വൈദ്യുതി ബോർഡിന് 70,000 രൂപയോളം നഷ്ടമുണ്ടാക്കിയ അന്നത്തെ ഓച്ചിറ അസിസ്റ്റന്റ് എഞ്ചിനീയർക്ക് എതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മിനിമം ഗ്യാരന്റിയിൽ എഗ്രിമെന്റ് വച്ച പദ്ധതികൾ

128 (3930) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജൂൺ മാസം മുതൽ 2003 മേയ് മാസം വരെ തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മിനിമം ഗ്യാരണ്ടിയിൽ എഗ്രിമെന്റ് വച്ച് എത്ര പദ്ധതികൾ നടപ്പിലാക്കിയെന്നും ഇവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച എത്ര പദ്ധതികൾ നടപ്പിലാക്കാനുണ്ടെന്നും അവ ഏതൊക്കെയാണെന്നും എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

1.	ലൈൻ എക്സ്റ്റൻഷൻ	-	റോഡ്, മുക്കം
2.	ലൈൻ എക്സ്റ്റൻഷൻ	-	നൂറാത്തോട്, താമരശ്ശേരി
3.	ലൈൻ എക്സ്റ്റൻഷൻ	-	വളഞ്ഞപാറ, താമരശ്ശേരി
4.	ലൈൻ എക്സ്റ്റൻഷൻ	-	കൈതപ്പായിൽ ചെമ്പ്ര പെറ്റ, താമരശ്ശേരി
5.	ലൈൻ എക്സ്റ്റൻഷൻ	-	നാരങ്ങാത്തോട്,താമരശ്ശേരി
6.	ലൈൻ എക്സ്റ്റൻഷൻ	-	ശ്രീ. പ്രഭാകരനും മറ്റുള്ളവരും, താമരശ്ശേരി
7.	ലൈൻ എക്സ്റ്റൻഷൻ	-	കൊടക്കാട്ടുപാറ, പൊങ്ങക്കയം റോഡ്, തിരുവമ്പാടി
8.	ലൈൻ എക്സ്റ്റൻഷൻ	-	മരഞ്ചാടിക്കുണ്ടുമല റോഡ്, തിരുവമ്പാടി

(ബി) പത്തൊൻപത് പദ്ധതികൾ

1.	ലൈൻ എക്സ്റ്റൻഷൻ	-	കറുത്തപറമ്പ്
2.	സർവ്വീസ് കണക്ഷൻ	-	ബാലൻ ആന്റ് 53 മറ്റ് ചിലരും
3.	സർവ്വീസ് കണക്ഷൻ	-	അംപയ്യനും മറ്റ് ചിലരും
4.	സർവ്വീസ് കണക്ഷൻ	-	ജോൺ മറ്റ് ചിലരും
5.	സർവ്വീസ് കണക്ഷൻ	-	റ്റി. വി. വാസുവും മറ്റ് ചിലരും
6.	സർവ്വീസ് കണക്ഷൻ	-	എം. കെ. നാസറും മറ്റ് ചിലരും
7.	സർവ്വീസ് കണക്ഷൻ	-	എൻ. കെ. ചന്ദ്രനും മറ്റ് ചിലരും
8.	ലൈൻ എക്സ്റ്റൻഷൻ	-	സൈമൻ വികെപ്പാറയും മറ്റ് ചിലരും
9.	ലൈൻ എക്സ്റ്റൻഷൻ	-	പുലിക്കയം, ചാത്തപ്പാറ്റ് റോഡ്
10.	ലൈൻ എക്സ്റ്റൻഷൻ	-	കൂടത്തായി മണിമല റോഡ്
11.	ലൈൻ എക്സ്റ്റൻഷൻ	-	കൂടത്തായി വെള്ളിമണ്ണ റോഡ്
12.	ലൈൻ എക്സ്റ്റൻഷൻ	-	ചൂരക്കൽ ഉറുമി റോഡ്
13.	ലൈൻ എക്സ്റ്റൻഷൻ	-	കരിംപൂത്തുകൊല്ലി റോഡ്
14.	സർവ്വീസ് കണക്ഷൻ	-	കുമരനും മറ്റ് ചിലരും

15. ലൈൻ എക്സ്റ്റൻഷൻ - തുംപക്കോട് മല ഈസ്റ്റ് ഏരിയ

16. ലൈൻ എക്സ്റ്റൻഷൻ - അത്തിപ്പാറ തുംപടുക്കോമല

17. ലൈൻ എക്സ്റ്റൻഷൻ - മേമല പൊന്നക്കയം കോളനി റോഡ്

18. ലൈൻ എക്സ്റ്റൻഷൻ - മരഞ്ചാടി മേലു കുറ്റി റോഡ്

19. ലൈൻ എക്സ്റ്റൻഷൻ - മറിയപുരം പഞ്ചകുന്നി റോഡ്

മേൽപ്പറഞ്ഞവയിൽ 2-ാമതും, 3-ാമതും 5-ാമതുമായ വർക്കുകൾ ഇപ്പോൾ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ള വർക്കുകളിൽ പെടുന്നു. മുൻഗണനാക്രമം അനുസരിച്ചും സാധനങ്ങളുടെ ലഭ്യത അനുസരിച്ചും ഇവ ചെയ്തു തീർക്കുന്നതാണ്. ബാക്കിയുള്ള 16 വർക്കുകൾ പിന്നീടുമാത്രം ചെയ്യാവുന്നവയാണ്.

മിനി ഹൈഡൽ പദ്ധതികളുടെ സമീപ പ്രദേശത്തുള്ള ഫുട്ട് ഓവർ ബ്രിഡ്ജ് പൊളിച്ച് നീക്കിയ നടപടി

129 (3931) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഉറുമി - 1, 2 മിനി ഹൈഡൽ/പദ്ധതികളുടെ സമീപ പ്രദേശത്തുള്ള പുന്നക്കൽ-ഉറുമി-പുവാരംതോട് റോഡിലുള്ള ഫുട്ട് ഓവർ ബ്രിഡ്ജ് പൊളിച്ചു നീക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുമൂലം പൊതുജനങ്ങൾക്ക് 14 കിലോമീറ്റർ ദൂരം അധിക യാത്ര ചെയ്യേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പാലം നിന്ന സ്ഥലത്ത് ഒരു പുതിയ പാലം പണിയണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) പുതിയ പാലം പണിയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചപ്പാത്ത് പൊളിച്ചുമാറ്റിയിട്ടുണ്ട്.

(ബി) വാഹനംവഴി യാത്ര ചെയ്യുന്നതിന് 14 കിലോമീറ്റർ അധിക ദൂരം യാത്ര ചെയ്യേണ്ടിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly